"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ മൂന്ന് ഗുണഭോക്താക്കക്ക് ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിന് പ്രത്യേകാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2456/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/12/2020

---

പരാമർശം:- 1 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20/8/2020 കത്ത്.

2 പാട്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2020-ലെ A3 -2640/20-ാം നമ്പർ കത്തും പഞ്ചയാത്ത് ഭരണസമിതി യുടെ 14.07.2020-ലെ 12/116/20-ാം നമ്പർ തീരുമാനവും.

3 23/09/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.17.

<u>ഉത്തരവ്</u>

പാട്യം ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ ശിവകുമാർ കടുങ്ങൻ, ഉപ്പാട്ടി പാലൊളി, മഹിത എന്നീ മൂന്ന് ഗുണഭക്താക്കൾ ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് ആശ്രയ പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിന് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടിന് ഡിപിസി അംഗീകാരം ലഭ്യമായിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്ററിൽ ഉൾപ്പെട്ടവർക്ക് മാത്രമേ ആനുകൂല്യം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ മേൽ ആവശ്യത്തിന്മേൽ പ്രത്യേകാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പാട്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം 2 കത്ത്, കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം 1 പ്രകാരം ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കൾ ആശ്രയ ലിസ്റ്റിൽ ഉണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ പ്രസ്തുത ഗുണഭോക്താക്കൾക്ക് ആശ്രയ പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ.

File No.DB4/205/2020-LSGD

സെക്രട്ടറി, പാട്യം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.
അക്കൌണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് കേരള, തിരുവനന്തപുരം.
ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2021.02.01 09:55:54 IST
Reason: Approved
സെക്ഷൻ ഓഫീസർ